# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

നവംബർ 1 ശനി


## ചെറുപുഴ നവജ്യോതി കോളേജിൽ പുതിയ മനശാസ്ത്ര പഠന കേന്ദ്രം ഉദ്ഘാടനം ചെയ്തു.



ചെറുപുഴ : ചെറുപുഴ നവജ്യോതി കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ സൈക്കോളജി ലാബ് ഉദ്ഘാടനം ചെയ്തു. മാനസികാരോഗ്യ പഠനത്തിനും,പ്രായോഗിക പരിശീലനത്തിനും പുതിയ സാധ്യതകൾ തുറക്കുന്നതാണ് ഈ ലാബ്. പ്രശസ്ത മനശാസ്ത്ര വിദഗ്ധനും ഫാമിലി കൗൺസിലറുമായ ഫാദർ മാത്യു അക്കുട്ട് ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. കെ. സോമശേഖരൻ അധ്യക്ഷത നിർവഹിച്ചു. ഡയറക്ടർ ഫാ. സിജോയ് പോൾ, മാനേജർ ഫാ. ജോസഫ് ചാത്തനാട്ട് എന്നിവർ പ്രസംഗിച്ചു. മനശാസ്ത്ര പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും ഉപയോഗപ്രദമായ പുതിയ സാങ്കേതിക വിദ്യകളാണ് ലാബിൽ ഒരുക്കിയിട്ടുള്ളത്. ഡിപ്പാർട്ട്മെന്റ് മേധാവി ഫാ. ബിനോയ് വാഴയിൽ, കോ ഓർഡിനേറ്റേർസ് വിസ്മയ മരിയ, ജെയ്മി ജോൺസൺ, സി. ഷാരോൺ എന്നിവർ നേതൃത്വം നൽകി.

## ദേശീയ,അന്തർ ദേശീയ തപാൽ ദിനം ആചരിച്ചു.



ചെറുപുഴ: ചെറുപുഴ നവജ്യോതി കോളേജിൽ പ്രവർത്തിക്കുന്ന ഫ്ലോറ നേച്ചർ ക്ലബിന്റെ ആഭിമുഖ്യത്തിൽ തപാൽ ദിനം ആചരിച്ചു. വിദ്യാർത്ഥികൾ ചെറുപുഴ പോസ്റ്റ് ഓഫീസിലെ ജീവനക്കാരെ ആദരിച്ചുകൊണ്ടാണ് ദിനാചരണം നടത്തിയത്. ചെറുപുഴ പോസ്റ്റ് ഓഫീസിലെ ജോലി ചെയ്യുന്ന എട്ട് ജീവനക്കാരെ പൊന്നാട അണിയിച്ചും ചെടികൾ സമ്മാനിച്ചും ആശംസകൾ നേർന്നും ദിനാചരണം മനോഹരമാക്കി.പോസ്റ്റ് ഓഫീസ് പ്രവർത്തനങ്ങളോട് അകന്ന് നിൽക്കുന്ന യുവതലമുറയ്ക്ക് ഇതൊരു മാതൃക ആകട്ടെയെന്നും ഈ മേഖലയിലെ സേവനങ്ങൾ കൂടുതലായി എല്ലാവരും പ്രയോജനപ്പെടുത്തണമെന്നും പോസ്റ്റ് ഓഫീസ് ജീവനക്കാർ വിദ്യാർത്ഥികളോട് സംസാരിക്കുന്നതിനിടയിൽ പറഞ്ഞു. ആദരിക്കുന്ന ചടങ്ങുകൾക്ക് നവജ്യോതി കോളജ് ഫ്ലോറ നേച്ചർ ക്ലബ്ബ് അംഗങ്ങളായ അദ്വൈത് കുമാർ, അർഷിയ K. A., നിദ സലിം, ആഷിഷ്, ആൽബർട്ട് എന്നിവർ നേതൃത്വം നൽകി.

## 'നിശ' ദ്വിദിന സഹവാസ ക്യാമ്പ്



അനിറ്റ് ജെയിസൺ

നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് 56ന്റെ നേതൃത്വത്തിൽ ഒന്നാം വർഷ വോളണ്ടിയേഴ്സിനായി ഒക്ടോബർ 17, 18 തീയതികളിലായി ദ്വിദിന സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. നവജ്യോതി കോളേജിൽ വച്ച് നടന്ന പരിപാടി കോളേജ് മാനേജർ ഫാ.ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം ചെയ്തു. കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ,പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ രജിത കെ,യൂണിറ്റ് സെക്രട്ടറി അനുപ്രിയ സുരേഷ് എന്നിവർ സംസാരിച്ചു.വോളണ്ടിയേഴ്സിനായുള്ള ഐസ് ബ്രേക്കിംഗ് സെഷൻ ഫാ.അരുൺ ജെയിംസ് അവതരിപ്പിച്ചു.എൻ എസ് എസ് ഓറിയന്റേഷൻ ക്ലാസ് എൻ എസ് എസ് സംസ്ഥാന സെൽ അംഗം ശ്രീ. അർജുൻ രാജീവിന്റെ നേതൃത്വത്തിൽ നടന്നു.നാൽപ്പതോളം വോളണ്ടിയേഴ്സ് ക്യാമ്പിൽ പങ്കെടുത്തു.

## ഗാന്ധി ജയന്തിയോടനുബന്ധിച്ച് ടൗൺ ശുചീകരണം നടത്തി.




ഒക്ടോബർ 2 ഗാന്ധി ജയന്തിയോടനുബന്ധിച്ച് നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് 56ന്റെ നേതൃത്വത്തിൽ കോലുവള്ളി ടൗൺ ശുചീകരണം നടത്തി. വാർഡ് മെമ്പർ ജോയ്സി ഷാജി പരിപാടി ഉദ്ഘാടനം ചെയ്തു വ്യാപാര വ്യവസായി ഏകോപന സമിതി കോലുവള്ളി യൂണിറ്റ് പ്രസിഡന്റ് ജോയ്സ്, കോളേജ് ബർസാർ ഫാ.അരുൺ ജെയിംസ്,പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി, സെക്രട്ടറി അനുപ്രിയ സുരേഷ് എന്നിവർ സംസാരിച്ചു.

## ഗാന്ധി ജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനം നടത്തി





ചെറുപുഴ നവജ്യോതി കോളേജിൽ പ്രവർത്തിക്കുന്ന ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗാന്ധി ജയന്തി ദിനത്തിൽ ശുചീകരണ പ്രവർത്തനം നടത്തി. ഗാന്ധി ജയന്തി ദിനമായ ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചക്ക് 2 മണി വരെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്. പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി പൊതു വഴിയോരങ്ങളിലെ പൊതു ദിശാ ബോർഡുകൾ ആണ് വിദ്യാർത്ഥികൾ ശുചീകരിച്ചത്. വയക്കരമുണ്ട്യ മുതൽ മച്ചിയിൽ വരെയുള്ള ഏകദേശം 55 ദിശാ ബോർഡുകൾ ആണ് കഴുകി വൃത്തിയാക്കിയത്. ധാരാളം വാഹനങ്ങൾ കടന്നു പോകുന്ന ഈ വഴിയിൽ ഏവർക്കും ഉപകാരപ്രദമാണ് വിദ്യാർത്ഥികളുടെ വേറിട്ട ഈ പ്രവർത്തനം. ശുചീകരണ പ്രവർത്തനങ്ങൾക്ക് ഫാദർ ജോസ് താമരക്കാട്ട്, ഫ്ലോറ നേച്ചർ ക്ലബ്ബ് അംഗങ്ങളായ ജസീൽ എ. വി. , ജിനു ഷാജി എന്നിവർ നേതൃത്വം നൽകി.

# ज्ञान की ऊंचाई

Evelyn Ruth Jimmy

कक्षा में बैठा छात्र जब शिक्षक द्वारा पूछे गए किसी भी प्रश्न का उत्तर न दे पाए, तो शिक्षक की नाराजगी स्वाभाविक है। पर जड़ और मतिमंद छात्र को इससे कोई फर्क नहीं पड़ता। यह कह देना कि मैं नहीं जानता, मुझे पता नहीं, तमाम छोटे-मोटे झंझटों से मुक्त कर देता है, क्योंकि जानना ही दुःख का कारण है। जो जितना बड़ा ज्ञानी होगा, उसके दुःख का आयतन भी उतना बड़ा होगा।

ज्ञान हमारे मन के बंद दरवाजों को खोलता है, जबकि अज्ञानता एक बंद कोठरी की तरह है, जिसमें हवा या रोशनी की कोई गुंजाइश नहीं होती। स्वस्थ बुद्धि वाला जानता है कि हमें किस प्रश्न का क्या उत्तर देना है। हम अकेले तो कभी नहीं होते, हम पर वायुमंडल का दबाव होता है। तरह-तरह की चिंताएं प्रश्न बनकर जीवन को मथती रहती हैं। हमारे यहां अनेक उपनिषदों में प्रश्नोपनिषद् को महत्वपूर्ण माना गया है।

कठघरे में खड़ा अपराधी गीता की शपथ लेकर भी बार-बार यही दोहराता है कि मैं कुछ नहीं जानता। सरकार के एक उच्चाधिकारी के यहां आयकर वालों का बड़ा छापा पड़ा, करोड़ों की नकदी बरामद हुई। उनसे जब इस धन के बारे में पूछा गया, तो रटा रटाया उत्तर था- 'मुझे कुछ नहीं मालूम।' प्रेमचंद ने लिखा था-'अज्ञान में बड़ा सुख होता है।' अज्ञानी में न कोई परिवर्तन होता है, न कोई शिकन पड़ती है। पर ज्ञानी से मिलना शेर की पूंछ पकड़ने की तरह है।

ज्ञान की ऊंचाई पर भी अद्वैत का अनुभव होता है- एकोहम् द्वितीयो नास्ति। आप पर्वत के शिखर या वायुयान से पृथ्वी की ओर निहारें, तो छोटे-बड़े का भेद मिट जाएगा, सब एक सांचे में ढले दिखेंगे। वहां भी हरेक प्रश्न का एक ही उत्तर मिलेगा।

# അന്തർദേശീയ ബാലിക ദിനാചരണം സംഘടിപ്പിച്ചു:







അനിറ്റ് ജെയിസൺ

നവജ്യോതി കോളേജിലെ പി.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സും, ലക്ഷ്യ വിമൻസ് സെല്ലും സംയുക്തമായി അന്തർദേശീയ ബാലികാ ദിനാചരണത്തിന്റെ ഭാഗമായി 2025 ഒക്ടോബർ 13ാം തീയ്യതി പ്രാപൊയിൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സന്ദർശിച്ചു.സമൂഹത്തിൽ പെൺകുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കാനും അവരുടെ വിദ്യാഭ്യാസസാമൂഹിക വളർച്ച പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് സംഘടിപ്പിച്ച ഈ പരിപാടി കുട്ടികൾക്ക് ഉത്സാഹകരമായ അനുഭവമായി.കോളേജ് വിദ്യാർത്ഥിനികളുംഅധ്യാപകരും ചേർന്ന് കുട്ടികളുമായി സൗഹൃദപരമായ ഇടപെടലുകൾ നടത്തി.ദിനാചരണത്തിന്റെ ഭാഗമായി എൽ.കെ.ജി, യു.കെ.ജി, ക്ലാസുകളിലെ കുട്ടികൾക്കായി വിവിധ വിനോദ പരിപാടികളും ഗെയിമുകളും ഗാനങ്ങളുമൊക്കെയായി ആകർഷകമായ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികൾ ആവേശത്തോടെയും സന്തോഷത്തോടെയും എല്ലാ മത്സരങ്ങളിലും പങ്കെടുത്തു.കോളേജ് വിദ്യാർത്ഥിനികൾ കുട്ടികളോടൊപ്പം പാട്ടുപാടി കളിച്ചും ചിരിച്ചും സമയം ചെലവഴിച്ചു.ഗെയിമുകളിൽ വിജയിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. എല്ലാ കുട്ടികൾക്കും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. ഈ പ്രോഗ്രാം ചെറുപുഴ നവജ്യോതി കോളേജിന്റെ സാമൂഹ്യ പ്രതിബദ്ധതയും സേവന മനോഭാവവും പ്രകടമാക്കുന്ന മികച്ച മാതൃകയായി മാറി. വിദ്യാർത്ഥികളോട് ചേർന്ന് നിന്ന് ഡോക്ടർ പ്രിൻസിപ്പൾ സോമശേഖരൻ സാറും പിജി ഡിപ്പാർട്ട്മെന്റിലെ അധ്യാപകരും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തു.

# ക്ലാസ് മുറിയിൽ നിന്നും വ്യവസായ ലോകത്തേക്ക്




എബി ജോസ് പി.

കൊമേഴ്സ് പഠനത്തിന്റെ ഭാഗമായി മൂന്നാം സെമസ്റ്റർ ബികോം വിദ്യാർത്ഥികൾ 2025 ഒക്ടോബർ 9ന് കരുവഞ്ചാൽ മീമ്പറ്റി കെ എം ഓയിൽ ഇൻഡസ്ട്രി സന്ദർശിക്കുകയുണ്ടായി. പുസ്തകങ്ങളിലെ അറിവിനപ്പുറം വ്യവസായ ലോകത്തെ പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാനാണ് വിദ്യാർഥികൾക്ക് ഈ സന്ദർശനം അവസരം നൽകിയത്. വിദ്യാർത്ഥികളെ വ്യവസായ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥർ സ്വീകരിക്കുകയും, വെളിച്ചെണ്ണ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു. അസംസ്കൃത വസ്തുവായ തേങ്ങ ശേഖരിക്കുന്നത് മുതൽ കൊപ്ര ഉണങ്ങുന്നതും തുടർന്ന് എണ്ണയെടുത്ത് ശുദ്ധീകരിക്കുന്നതും പായ്ക്ക് ചെയ്യുന്നതും വിപണനം നടത്തുന്നതും അടക്കമുള്ള പ്രക്രിയകൾ വിദ്യാർത്ഥികൾ കണ്ടു മനസ്സിലാക്കി. കൂടാതെ ഉത്പാദന ചെലവ്, വിപണന തന്ത്രങ്ങൾ, ഗുണ നിലവാര നിയന്ത്രണം, വ്യവസായ സ്ഥാപനത്തിലെ മാനേജ്മെന്റ് ധനകാര്യ വിഭാഗം എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ക്ലാസുകൾ നൽകി.കൊമേഴ്സ് വിദ്യാർത്ഥികൾക്ക് അവരുടെ തിയറി ക്ലാസിലെ ആശയങ്ങൾ പ്രായോഗിക തലത്തിൽ എങ്ങനെ പ്രയോഗിക്കണമെന്നും മനസ്സിലാക്കാൻ ഇത് സഹായകമായി.സന്ദർശനത്തിന്റെ അവസാനമായി നടന്ന സംവാദത്തിൽ വിദ്യാർത്ഥികൾക്ക് വ്യവസായ ലോകത്തെ വെല്ലുവിളിയെ കുറിച്ചും അവസരങ്ങളെ കുറിച്ചുള്ള സംശയങ്ങൾ ചോദിച്ചറിയാൻ കഴിഞ്ഞു. പുതിയ സാങ്കേതികവിദ്യകൾ എങ്ങനെയാണ് ഉത്പാദനക്ഷമത വർധിപ്പിക്കാൻ സഹായിക്കുന്നത് എന്നും ഒരു വൻകിട വ്യവസായം എങ്ങനെയാണ് ദൈനംദിന ധനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് എന്നും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചത് വലിയ അനുഭവമായിരുന്നു എന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെടുകയുണ്ടായി. വിദ്യാർത്ഥികൾക്കൊപ്പം കൊമേഴ്സ് വിഭാഗം അധ്യാപകരായ എബി ജോസ്, ജെയ്മോൾ പങ്കെടുക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.